# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5139 27/07/2015 ൽ മറുപടിക്ക്

## ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത് പോഷകമൂല്യമുള്ള ഭക്ഷണമായിരിക്കണമെന്നത് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനു സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ റവന്യു ജില്ലാ തലം വരെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചുവരുന്നു.<br><br>സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് പി.ടി.എ പ്രസിഡന്റ് ചെയർമാനും സ്കൂൾ പ്രഥമാധ്യാപകൻ കൺവീനറും (മെമ്പർ സെക്രട്ടറി), വാർഡ് മെമ്പർ, മുൻ പി.ടി.എ അംഗം, എസ്.സി, എസ്.ടി വിഭാഗത്തിൽപെട്ട രക്ഷകർത്താക്കളുടെ പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കേണ്ട താണ്. ഈ കമ്മിറ്റിക്കായിരിക്കും ഉച്ചഭക്ഷണ നടത്തിപ്പിന്റെ പൂർണ്ണ ചുമതല.<br><br>കേന്ദ്ര സംസ്ഥാന സർക്കാറുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കുട്ടികൾക്ക് ലഭിക്കേണ്ട കലോറി മൂല്യം, പ്രാദേശിക സാഹചര്യം, പ്രോട്ടീൻ എന്നിവ കണക്കിലെടുത്ത് അതാത് മാസത്തെ മെനു മാസ ആരംഭത്തിൽ തന്നെ നൂൺ ഫീഡിംഗ് കമ്മിറ്റി തയ്യാറാക്കേണ്ട താണ്. പ്രസ്തുത തീരുമാനം സ്കൂൾ പ്രഥമ അധ്യാപകൻ നടപ്പിലാക്കിവരുന്നു. ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ പ്രസ്തുത മാസത്തെ മെനുവുമായി പരിശോധിച്ച് കമ്മിറ്റി അംഗീകരിക്കുന്നതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ അധികൃതർ നൽകുന്ന വരവുചെലവു കണക്കുകൾ തനതു മാസത്തെ മെനുവും കൂടി പരിശോധിച്ചു അംഗീകാരം നൽകി വരുന്നു. പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി നൂൺ ഫീഡിംഗ് സൂപ്പർവൈസർമാർ സ്കൂൾ സന്ദർശന വേളയിൽ, ഭക്ഷണത്തിന്റെ ഗുണനിലവാരം അതാത് മാസത്തെ നൂൺ ഫീഡിംഗ് കമ്മിറ്റി അംഗീകരിച്ച് നൽകുന്ന മെനുവുമായി പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |

ബി) ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ശുചിത്വമുള്ള സാഹചര്യത്തിലാണെന്നത് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ടോ; പാചകം ചെയ്യുന്ന പാത്രങ്ങളുടെയും കുട്ടികളുടെ പാത്രങ്ങളുടെയും ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകൾക്കു നൽകിയിട്ടുണ്ടോ;

ബി) പാചകപ്പുര, സ്റ്റോർ, പാചകപ്പുരയും പരിസരവും, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നുവെന്നും പാചകതൊഴിലാളി വ്യക്തി ശുചിത്വം പാലിക്കുന്നുവെന്നും നൂൺ ഫീഡിംഗ് കമ്മിറ്റി, സ്കൂൾ പ്രഥമാധ്യാപകൻ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. പാചകപ്പുരയും പരിസരവും വൃത്തിയാക്കുന്നതിനുള്ള ചുമതല പൂർണ്ണമായും പാചക തൊഴിലാളികൾക്കായിരിക്കും. മേൽ കാര്യങ്ങൾ കൃത്യമായി ഉറപ്പുവരുത്തുന്നതിനും ഓരോ അധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗരേഖ പുറപ്പെടുവിച്ചു വരുന്നു.

സി) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നൂൺ ഫീഡിംഗ് കമ്മിറ്റികൾ രൂപവത്കരിക്കാത്ത സ്കൂളുകൾക്ക് ആയത് അടിയന്തിരമായി രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനു നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിക്കാൻ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗരേഖ പുറുപ്പെടുവിക്കുന്നുണ്ട്. നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നു ശ്രദ്ധയിൽപ്പെട്ടാൽ ആയത് രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ